**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 253** **01-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ മേഖലയിൽ ഫിൻലൻഡുമായി സഹകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയം കാര്യക്ഷമമായി നടപ്പിലാക്കിയതിന്റെ ഫലമായി മുൻ വർഷങ്ങളിലെന്നതുപോലെ ഈ വർഷവും കൂടുതൽ വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കാനായിട്ടുണ്ടോ; | (എ) | ഉണ്ട്. മുൻ വർഷങ്ങളിലെന്നതുപോലെ ഈ വർഷവും കൂടുതൽ വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിൽ വന്നു ചേർന്നിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ വർഷം സർക്കാർ, എയിഡഡ് സ്കൂളുകളിലേക്ക് പുതുതായി എത്തിച്ചേർന്ന വിദ്യാർത്ഥികൾ എത്രയെന്നുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | (ബി) | ലഭ്യമാണ്. 2022-23 അധ്യയന വർഷത്തിൽ സർക്കാർ മേഖലയിൽ 3,38,435 വിദ്യാർത്ഥികളും, എയ്ഡഡ് മേഖലയിൽ 4,33,613 വിദ്യാർത്ഥികളും പ്രവേശനം നേടിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ലോകോത്തരമായ പഠന ബോധന സമ്പ്രദായത്തിന്റെ മേന്മ കൂടുതൽ ഫലപ്രദമാക്കുന്നതിന് ഫിൻലൻഡുമായി പൊതുവിദ്യാഭ്യാസ മേഖലയിൽ സഹകരണം ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലയിലാണെന്ന് അറിയിക്കാമോ? | (സി) | ഉണ്ട്. അധ്യാപക പരിശീലനം, പ്രീ സ്കൂൾ വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, ശാസ്ത്ര ഗണിത പഠനം, ഗവേഷണാത്മക പഠനം, വിലയിരുത്തൽ സങ്കേതം എന്നീ 6 മേഖലകളിലാണ് ഫിൻലൻഡുമായി പൊതുവിദ്യാഭ്യാസ വകുപ്പ് സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം

| വർഷം | സർക്കാർ | സർക്കാർ എയ്ഡഡ് | ആകെ |
|---|---|---|---|
| 2022-23 | 105468 | 162834 | 268302 |

2 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പുതുതായി ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം

| വർഷം | സർക്കാർ | സർക്കാർ എയ്ഡഡ് | ആകെ |
|---|---|---|---|
| 2022-23 | 44915 | 75055 | 119970 |

ഹയർ സെക്കന്ററി വിഭാഗത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം

| വർഷം | സർക്കാർ | സർക്കാർ എയ്ഡഡ് | ആകെ |
|---|---|---|---|
| 2022-23 | 169237 | 185498 | 354735 |

വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം

| വർഷം | സർക്കാർ | സർക്കാർ എയ്ഡഡ് | ആകെ |
|---|---|---|---|
| 2022-23 | 18815 | 10226 | 29041 |